# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

## ഇ.എം.എസ് പാർപ്പിട പദ്ധതി

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.298. 21.12.2012-ൽ മറുപടിക്ക്.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.സാജു പോൾ<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഇ.എം.എസ് പാർപ്പിട പദ്ധതിയുടെ നടത്തിപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ഇ.എം.എസ് പാർപ്പിട പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ ഭവന രഹിതർക്കും വീട് നൽകുക, എല്ലാ ഭൂരഹിത- ഭവന രഹിതർക്കും ഭൂമിയും വീടും നൽകുക എന്നതായിരുന്നു ഇ.എം.എസ് ഭവന പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തൊട്ടാകെ 341853 ഭവന രഹിതരും, 117669 ഭൂരഹിത-ഭവന രഹിതരും ഉണ്ടെന്ന് കണക്കാക്കിയിരുന്നു. 30.11.2012 ലെ പുരോഗതി റിപ്പോർട്ട് പ്രകാരം 31.03.2012 വരെ എഗ്രിമെന്റ് വച്ച് നിർമ്മാണം ഏറ്റെടുത്ത ഗുണഭോക്താക്കളിൽ 115503 പേരുടെ വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും 53856 വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയുമാണ്. |

(ബി) ഈ പദ്ധതി പ്രകാരം എത്ര പേർക്ക് വീട് വെച്ച് നൽകാനായിരുന്നു ഉദ്ദേശിച്ചിരുന്നത്; എത്ര പേർക്ക് വീട് നൽകുകയുണ്ടായി;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ചവയിൽ ഇനിയും നിർമ്മാണം പൂർത്തിയാകാത്തവയുണ്ടോ; എങ്കിൽ കാരണമെന്താണ്;

(സി) 53856 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് അനുവദനീയമായ സബ്സിഡി തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ (പൊതു വിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും 200000/- രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിനും ആശ്രയ കുടുംബത്തിനും 250000/- രൂപയുമായും വർദ്ധിപ്പിച്ച് 01.04.2011 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുണ്ട്) അർഹരായ ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിൽ ധനസഹായം നൽകേണ്ടതുണ്ട്. കൂടാതെ വസ്തു വാങ്ങുന്നതിനുള്ള ധനസഹായവും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ അധിക ബാദ്ധ്യതയും 31.03.2012 വരെ എഗ്രിമെന്റ് വച്ച് പണി പൂർത്തീകരിക്കാനുള്ളവർക്ക് ബാക്കി തുകയും നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങൾക്ക് ഏക ദേശം 450 കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ട്. പദ്ധതി കാലാവധി 31.03.2012 ന് അവസാനിച്ച സാഹചര്യത്തിൽ പദ്ധതിക്കായി 10% നിരക്കിൽ വായ്പ ലഭ്യമാക്കിയിരുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾ അതേ നിരക്കിൽ

വായ്പ തുടർന്ന് ലഭ്യമാക്കുന്നതിന് വിമുഖത കാട്ടിയത് പദ്ധതി പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി സർക്കാർ നിർത്തലാക്കിയിട്ടുണ്ടെങ്കിൽ ആയതിനുണ്ടായ സാഹചര്യം വെളിപ്പെടുത്താമോ: മുൻപ് കരാറിൽ ഏർപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും ധനസഹായം നൽകിയിട്ടുണ്ടോ? | (ഡി) | പ്രസ്തുത പദ്ധതി 2009–11 കാലയളവിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പിന്നീട് ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് (2011–12) ഉത്തരവായിരുന്നു. 31.03.2012 ന് പദ്ധതി കാലാവധി അവസാനിച്ചു. എന്നാൽ 31.03.2012 ന് മുൻപ് എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് നിലവിൽ പുതുക്കിയ നിരക്കിൽ ധനസഹായം പൂർണ്ണമായും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ